**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2527** **12-12-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പി.എം.ജി.എസ്.വൈ., ആർ.കെ.ഐ., സി.എം.എൽ.ആർ.ആർ.പി., കിഫ്ബി എന്നിവ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിവരുന്ന നിർമ്മാണ പ്രവൃത്തികളുടെയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പി.എം.ജി.എസ്.വൈ.യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ത്രിതല ഗുണനിലവാര പരിശോധന പി.എം.ജി.എസ്.വൈ. റോഡുകൾക്ക് നടപ്പിലാക്കുന്നുണ്ട്. ആദ്യതല പരിശോധന, പദ്ധതി നേരിട്ടുനടപ്പിലാക്കുന്ന പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ മുഖാന്തിരവും രണ്ടാം തല പരിശോശന സംസ്ഥാന പി.എം.ജി.എസ്.വൈ ഓഫീസിലെ സംസ്ഥാന ക്വാളിറ്റി കൺട്രോളറുടെ നേതൃത്വത്തിലും മൂന്നാം തല പരിശോധന കേന്ദ്രതലത്തിൽ നാഷണൽ ക്വാളിറ്റി മോണിറ്റർമാർ വഴിയും നടത്തി വരുന്നു. പി.എം.ജി.എസ്.വൈ. റോഡുകളുടെ നിർമ്മാണം പൂർത്തിയായ ശേഷം അഞ്ചുവർഷ അറ്റകുറ്റപ്പണികൾക്കായി കരാറുകാരനെ രേഖാമൂലം ബാദ്ധ്യതപ്പെടുത്തുന്നുണ്ട്.<br><br>RKI പ്രവൃത്തികളും ഗുണനിലവാരം ഉറപ്പാക്കി തന്നെയാണ് നടപ്പിലാക്കുന്നത്. ഗുണനിലവാരം ഉറപ്പലാക്കുന്നതിലേയ്ക്കായി ത്രിതല Quality Monitoring സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. RKI പ്രവർത്തികളുടെ ഡിഫെക്ട് ലൈബിലിറ്റി പീരീഡ് അനുസരിച്ച് അറ്റകുറ്റപണികളും പോരായ്മകളും പരിഹരിച്ച് നൽകുന്നതിന് കരാർ ഉടമ്പടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഇംപാക്ട് കേരള മുഖേന നടപ്പിലാക്കുന്ന കിഫ്ബി / ആർ.കെ.ഐ പദ്ധതികളുടെ ഗുണനിലവാരം KIIFB/RKI Guidelines, PWD Manual, PWD Quality Control Manual എന്നിവ പ്രകാരം ഉറപ്പ് വരുത്തുന്നുണ്ട്. ഇംപാക്ട് കേരള ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽപ്പെട്ട നിർമ്മിതികൾക്കും ഡിഫെക്ട് ലയബിലിറ്റി പീരീഡ് അനുസരിച്ച് അറ്റകറ്റപണികളും പോരായ്മകളും പരിഹരിച്ച് |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് കരാറുകാരനെ ചുമതലപ്പെടുത്തുന്നുണ്ട്.<br><br>CMLRRP-ൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന നിർമ്മാണ പ്രവൃത്തികളുടെ Quality control/Quality monitoring സംബന്ധിച്ച് റിട്ടയേർഡ് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ ജില്ലാതല സാങ്കേതിക സമിതി രൂപീകരിച്ചിട്ടുള്ളതാണ്. GO (Rt) No.1864/2020/LSGD ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പാക്കി വരുന്നു. |
| (ബി) | ആർ.കെ.ഐ., പി.എം.ജി.എസ്.വൈ. പദ്ധതികളിൽപ്പെട്ട നിർമ്മിതികൾക്ക് ഡിഫെക്റ്റ് ലയബിലിറ്റി പിരീഡ് അനുസരിച്ച് അറ്റകുറ്റപ്പണികളും പോരായ്മകളും പരിഹരിച്ച് നൽകുന്നതിന് കരാറുകാരനെ ബാധ്യതപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പി.എം.ജി.എസ്.വൈ.യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ത്രിതല ഗുണനിലവാര പരിശോധന പി.എം. ജി.എസ്.വൈ. റോഡുകൾക്ക് നടപ്പിലാക്കുന്നുണ്ട്. ആദ്യതല പരിശോധന, പദ്ധതി നേരിട്ടുനടപ്പിലാക്കുന്ന പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ മുഖാന്തിരവും രണ്ടാം തല പരിശോശന സംസ്ഥാന പി.എം.ജി.എസ്.വൈ ഓഫീസിലെ സംസ്ഥാന ക്വാളിറ്റി കൺട്രോളറുടെ നേതൃത്വത്തിലും മൂന്നാം തല പരിശോധന കേന്ദ്രതലത്തിൽ നാഷണൽ ക്വാളിറ്റി മോണിറ്റർമാർ വഴിയും നടത്തി വരുന്നു. പി.എം.ജി.എസ്.വൈ. റോഡുകളുടെ നിർമ്മാണം പൂർത്തിയായ ശേഷം അഞ്ചുവർഷ അറ്റകുറ്റപ്പണികൾക്കായി കരാറുകാരനെ രേഖാമൂലം ബാദ്ധ്യതപ്പെടുത്തുന്നുണ്ട്.<br><br>RKI പ്രവൃത്തികളും ഗുണനിലവാരം ഉറപ്പാക്കി തന്നെയാണ് നടപ്പിലാക്കുന്നത്. ഗുണനിലവാരം ഉറപ്പലാക്കുന്നതിലേയ്ക്കായി ത്രിതല Quality Monitoring സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. RKI പ്രവർത്തികളുടെ ഡിഫെക്ട് ലൈബിലിറ്റി പീരീഡ് അനുസരിച്ച് അറ്റകുറ്റപണികളും പോരായ്മകളും പരിഹരിച്ച് നൽകുന്നതിന് കരാർ ഉടമ്പടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഇംപാക്ട് കേരള മുഖേന നടപ്പിലാക്കുന്ന കിഫ്ബി / ആർ.കെ.ഐ പദ്ധതികളുടെ ഗുണനിലവാരം KIIFB/RKI Guidelines, PWD Manual, PWD Quality Control Manual എന്നിവ പ്രകാരം ഉറപ്പ് വരുത്തുന്നുണ്ട്. ഇംപാക്ട് കേരള ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽപ്പെട്ട നിർമ്മിതികൾക്കും ഡിഫെക്ട് ലയബിലിറ്റി പീരീഡ് അനുസരിച്ച് അറ്റകുറ്റപണികളും പോരായ്മകളും പരിഹരിച്ച് നൽകുന്നതിന് കരാറുകാരനെ ചുമതലപ്പെടുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | CMLRRP-ൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന നിർമ്മാണ പ്രവൃത്തികളുടെ Quality control/Quality monitoring സംബന്ധിച്ച് റിട്ടയേർഡ് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ ജില്ലാതല സാങ്കേതിക സമിതി രൂപീകരിച്ചിട്ടുള്ളതാണ്. GO (Rt) No.1864/2020/LSGD ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പാക്കി വരുന്നു. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (സി) | മുകളിൽ വിവരിച്ചിരിക്കുന്ന നടപടികൾ കൂടാതെ കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്ന് ജില്ലകളിൽ റീജിയണൽ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. നിലവിലെ പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു ശതമാനം പ്രവൃത്തികളെ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ വാർഷിക പദ്ധതിയിലും കുറഞ്ഞത് ഒരു റോഡെങ്കിലും അഞ്ച് വർഷത്തെ ഗ്യാരന്റിയോട് കൂടി നിർമ്മിക്കേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ സുരക്ഷയും ഗുണമേൻമയും ഉറപ്പുവരുത്തുന്നതിനായി റോഡ് ആസ്തികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | റോഡ് കണക്ടിവിറ്റി മാപ്പിംഗ് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൂർത്തീകരിച്ച് വരുന്നു.Kerala State Remote Sensing and Environment Centre (KSREC) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോമിന്റെയും R-track mobile application-ന്റെയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ